പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*358 14/07/2015-ൽ മറുപടിയ്ക്ക്

## ആദിവാസി മേഖലയിലെ യാത്രയും സുരക്ഷയും

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. എം. ഷാജി<br>,, വി. എം. ഉമ്മർ മാസ്റ്റർ<br>,, സി. മോയിൻ കുട്ടി<br>,, എൻ. ഷംസുദ്ദീൻ : | | ശ്രീമതി. പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി) |
| (എ) | ആദിവാസി മേഖലയിലെ യാത്രാ പ്രശ്നം പരിഹരിക്കുന്നതിനും സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിനും എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ആദിവാസി മേഖലയിലെ യാത്രാപ്രശ്നം പരിഹരിക്കുന്നതിന് കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി റോഡുകൾ, പാലങ്ങൾ, നടപാതകൾ, നടപ്പാലങ്ങൾ എന്നിവ നിർമ്മിക്കുന്നു. കൂടാതെ ഉൾവനങ്ങളിലും ഒറ്റപ്പെട്ടതും, വന്യമൃഗഭീഷണി ഉള്ളതും, പൊതു ഗതാഗത സൗകര്യമില്ലാത്തതുമായ പട്ടികവർഗ്ഗ സങ്കേതങ്ങളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സുരക്ഷിതമായി സ്കൂളുകളിൽ എത്തിക്കുന്നതിനും അതുവഴി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ അവകാശ നിയമം സംരക്ഷിക്കുന്നതിനു മായി ഗോത്ര സാരഥി എന്ന പദ്ധതി 2013-14 മുതൽ നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ പ്രദേശങ്ങളിലെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നബാർഡിന്റെ ആർ. ഐ.ഡി.എഫ് സ്കീമിൽ ഉൾപ്പെടുത്തി റോഡുകളും, പാലങ്ങളും നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | വനവിഭവ ശേഖരണത്തിനിടയിലും വിപണന കേന്ദ്രങ്ങളിലേക്കുള്ള യാത്ര ക്കിടയിലും ഉണ്ടാകുന്ന അപകടങ്ങളും ജീവഹാനിയും ഒഴിവാക്കാൻ ഏർ-പ്പെട്ടു ത്തിയിട്ടുള്ള മുൻകരുതൽ നടപടികൾ പര്യാപ്തമാണോ എന്ന് പരിശോധിക്കുമോ; | (ബി) | വനത്തിനുള്ളിൽ വനം വകുപ്പ് നിലവിൽ ഏർ-പ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളുണ്ട്. വന്യമൃഗങ്ങളുടെ ഭീഷണി ഒഴിവാക്കാൻ കിടങ്ങുകളും ജനവാസമുള്ള മേഖലകളിലേക്ക് വന്യമൃഗങ്ങൾ പ്രവേശിക്കുന്നത് തടയുന്നതിനായി വൈദ്യുതി കമ്പിവേലിയും വനം വകുപ്പിന്റെ സഹകരണത്തോടെ സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | പ്രകൃതിക്ഷോഭ സാദ്ധ്യതകൾ മുൻകൂട്ടി ക്കണ്ട് സെറ്റിൽ മെന്റുകളിൽ സുരക്ഷ യൊരുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (സി) | പ്രകൃതിക്ഷോഭമുണ്ടാകുന്ന അവസരങ്ങളിൽ ആദിവാസികളെ സുരക്ഷിതമായ സ്ഥലത്തേയ്ക്ക് മാറ്റി പാർപ്പിച്ച് അവർക്കാവശ്യമായ സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ